"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വടക്കഞ്ചേരി എം.റ്റി.യു.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.ഷാനി.എം ന്റെ നിയമനാംഗീകാരം സംബന്ധിച്ച് ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2737/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. പാലക്കാട്, വടക്കഞ്ചേരി എം.റ്റി.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 05/08/2024 തീയതിയിലെ പുന പരിശോധനാ ഹർജി
2. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/11/2024 തീയതിയിലെ AEOALT/1132/2024-C നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/11/2024 തീയതിയിലെ ഡിജിഇ/21593/2024-ജി1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, വടക്കഞ്ചേരി എം.റ്റി.യു.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.ഷാനി.എം ന്റെ നിയമനാംഗീകാരം സംബന്ധിച്ച് ടി സ്കൂൾ മാനേജർ GO (Ms)54/2024/പൊ.വി.വ തീയതി 1.6.2024-ലെ നിർദ്ദേശങ്ങൾ പ്രകാരം സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിന്മേൽ ഹർജിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 20.11.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. **ഹർജിക്കാരന്റെ വാദങ്ങൾ താഴെ കൊടുക്കുന്നു.**

പാലക്കാട് ജില്ലയിലെ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ ഉള്ള വടക്കഞ്ചേരി എം.ടി.യു.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ലാലി.കെ.മാത്യൂ 31.5.2021ന് വിരമിച്ച ഒഴിവിൽ ശ്രീമതി.ഷാനി.എം നെ എൽ.പി.എസ്.ടി ആയി നിയമിച്ചു.

നിയമന അംഗീകാരത്തിനായി ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ പ്രൊപ്പോസൽ സമർപ്പിച്ചു. എന്നാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിയമന അംഗീകാരം നിരസിച്ച് ഉത്തരവായി. ആയതിനെതിരെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. ആയതും നിരസിച്ച് റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവായി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുവാനുണ്ടായ കാരണം പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പിന്റെ 17.2.2023 തീയതിയിലെ സ.ഉ (കൈ) നം.15/2023/GEDN ഉത്തരവ് പ്രകാരം 1.6.2012 മുതൽ 2019-20 അദ്ധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് കെ-ടെറ്റ് നേടുന്നതിനു 2023 ജൂൺ മാസം (പ്രത്യേക പരീക്ഷ നടത്തുന്നതുവരെ) സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ടിയാരിയുടെ നിയമനം 15.7.2021 മുതൽ ആണ്. ടിയാരി നിയമന

തീയതിയിൽ കെ-ടെറ്റ് നേടാത്തതിനാൽ ടി നിയമനം നിരസിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു എന്നാണ്.

ശ്രീമതി.ഷാനി എം, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എജ്യൂക്കേഷൻ ഡൽഹിയുടെ സെൻട്രൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (C.TET) 9.3.2022-ൽ പാസ്സായിട്ടുണ്ട്.

01.06.2012 മുതൽ 2019-20 അദ്ധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് കെ-ടെറ്റ് നേടുന്നതിന് 2023ജൂൺ മാസം വരെ സർക്കാർ ഇളവ് അനുവദിച്ചിട്ടുണ്ട്. ശ്രീമതി.ഷാനി.എം ആ കാലപരിധിക്കുള്ളിൽ C.TET നേടിയിട്ടുണ്ട്. എന്നാൽ നിയമനം 2019-20-ന് മുൻപ് അല്ല എന്ന് മാത്രം. ഒരു കൂട്ടർക്ക് അനുവദിച്ച ആനുകൂല്യം 15.7.2021-ൽ നിയമിതയായ ഷാനിക്ക് നിഷേധിക്കുന്നത് നീതിക്ക് നിരക്കാത്തതാണ്. ആയതിനാൽ ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി അനുഭാവപൂർണ്ണം ടി വിഷയത്തിൽ തീരുമാനം എടുക്കണമെന്ന് ആഭ്യർത്ഥിക്കുന്നു.

ഒരു പക്ഷെ മേൽ എഴുതിയ പ്രകാരം തീരുമാനം എടുക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ശ്രീമതി.ഷാനി.എം C.TET നേടിയ 9.3.2022 മുതൽ മാത്രം സാമ്പത്തിക ആനുകൂല്യത്തോടെയും 15.7.2021 മുതൽ 8.3.2022 വരെ നോഷണലായും നിയമനം അംഗീകരിക്കുവാൻ അപേക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ അനുകൂലമായ തീരുമാനം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറി കൈകൊണ്ട്, ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

വടക്കഞ്ചേരി എം.ടി.യു.പി സ്കൂളിലെ എൽ.പി.എസ്.ടി ആയി ശ്രീമതി.ഷാനി.എം ന്റെ 15.7.2021 മുതൽക്കുള്ള നിയമനം അംഗീകരിക്കുന്നതിന് മാനേജർ സമർപ്പിച്ച അപേക്ഷ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു നൽകിയിരുന്നു.

ശ്രീമതി.ഷാനി.എം അദ്ധ്യാപക തസ്തികയ്ക്കുവേണ്ട അടിസ്ഥാന യോഗ്യതകളിൽ ഒന്നായ കെ-ടെറ്റ് പരീക്ഷ വിജയിച്ചിട്ടില്ല. സീനിയർ അദ്ധ്യാപിക ആയ ശ്രീമതി.റോഷ്ന എം. ന്റെ 6.6.2019 മുതൽക്കുള്ള യു.പി.എസ്.ടി നിയമനം അംഗീകരിച്ചിട്ടില്ല. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഫോട്ടോ, വിലാസം എന്നിവ ഇല്ല. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് വ്യക്തമല്ല.

പ്രസ്തുത കാരണങ്ങളിൽ ഒന്നായ ശ്രീമതി.റോഷ്ന എം. ന്റെ 6.6.2019 മുതലുള്ള യു.പി.എസ്.ടി നിയമനം 8.9.2023 തീയതിയിലെ ഉത്തരവ് നം.സി/25602/2022 പ്രകാരം ഭിന്നശേഷി നിയമന നിർദ്ദേശങ്ങൾക്ക് വിധേയമായി ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടുള്ളതാകുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 17.2.2023 തീയതിയിലെ 15/2023/GEDN നമ്പർ ഉത്തരവ് പ്രകാരം 01.6.2012 മുതൽ 2019-20 അദ്ധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായി അംഗീകാരം ലഭിച്ചവർക്ക് 3 വർഷത്തേക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിനാണ് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. ഈ കേസിൽ നിയമനാർത്ഥിയെ 15.7.2021 മുതൽക്കാണ് മാനേജർ നിയമിച്ചിട്ടുള്ളത്. നിയമന സമയത്ത് ഉദ്യോഗാർത്ഥിക്ക് കെ-ടെറ്റ്/സി ടെറ്റ് യോഗ്യത ഇല്ലാത്തതാകുന്നു. മതിയായ യോഗ്യത ഉള്ളവരെ മാത്രമേ മാനേജർ നിയമിക്കാൻ പാടുള്ളൂ എന്നതിനാൽ തന്നെ ആയത് ഒരു നിയമനമായി പരിഗണിക്കാൻ നിർവ്വാഹമില്ല.

ശ്രീമതി.ഷാനി.എം 09.03.2022-നു സി.ടെറ്റ് യോഗ്യത നേടിയിട്ടുള്ളതായി പുന:പരിശോധനാ ഹർജിയിൽ മാനേജർ സൂചിപ്പിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ മാനേജർ യോഗ്യത നേടിയ തീയതിക്ക് നിയമിക്കുന്ന മുറയ്ക്കും ഭിന്നശേഷി സംവരണവും മറ്റും പാലിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ 15.7.2021 മുതൽ 08.3.2022

വരെ നോഷണലായി നിയമനം അംഗീകരിക്കണമെന്നുള്ള മാനേജരുടെ ആവശ്യം നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണനാർഹമല്ല എന്ന് കാണുന്നു.

കൂടാതെ ഈ സ്കൂൾ മാനേജർ 12.01.2010 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 10/10 അനുസരിച്ച് ബോണ്ട് എക്സിക്യൂട്ടീവ് ചെയ്തിട്ടുള്ളതും 2 എൽ.പി.എസ്.ടി, 2 യു.പി.എസ്.ടി നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് തന്നെ 23.1.2023 തീയതിയിലെ സർക്കാർ ഉത്തരവ് 2/2023 അനുസരിച്ച് തത്തുല്യ എണ്ണം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുണ്ട്. ആയത് പാലിച്ചതായി കാണുന്നില്ല. 2012-നു ശേഷം ടി സ്കൂളിലെ മറ്റു നിയമനങ്ങൾ അംഗീകരിച്ചതായി കാണുന്നുണ്ട്. എന്നാൽ 23.1.2023 തീയതിയിലെ സർക്കാർ ഉത്തരവ് 2/2023 ഉത്തരവ് വന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ചപ്പോഴാണ് 2010-2011-ൽ ടി സ്കൂൾ മാനേജർ ബോണ്ട് എക്സിക്യൂട്ടീവ് ചെയ്തിട്ടുള്ളതായും 2011-2012-ലെ തസ്തിക നിർണ്ണയ ഉത്തരവിൽ രേഖപ്പെടുത്തിയതായി കണ്ടത്. ഈ കാര്യങ്ങളെല്ലാം മാനേജർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © 30858/2024 റിട്ട് ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ആയത് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ ഹർജിയിൽ ബഹു.സർക്കാർ ഒന്നാം എതിർ കക്ഷിയുമാകുന്നു.

4. സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട്, വടക്കഞ്ചേരി എം.റ്റി.യു.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ലാലി.കെ.മാത്യു 31.5.2021-ന് വരമിച്ച ഒഴിവിൽ ശ്രീമതി.ഷാനി.എം നെ 15.7.2021 മുതൽ മാനേജർ നിയമിച്ചു. ടി നിയമനം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറും പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവാകുകയും ചെയ്തു. ശ്രീമതി.ഷാനി.എം അദ്ധ്യാപക തസ്തികക്കു വേണ്ട കെ-ടെറ്റ് പരീക്ഷ വിജയിച്ചിട്ടില്ല, സീനിയർ ആയ ശ്രീമതി.റോഷ്ന എം.ന്റെ 6.6.2019 മുതൽക്കുള്ള യു.പി.എസ്.ടി നിയമനം അംഗീകരിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാലാണ് നിയമനം നിരസിച്ചിട്ടുള്ളത്. എന്നാൽ 8.9.2023-ലെ ഉത്തരവ് പ്രകാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.റോഷ്ന.എം-ന്റെ 6.6.2019 മുതലുള്ള നിയമനം ഭിന്നശേഷി സംവരണം പാലിച്ച് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീമതി.ഷാനി.എം 9.3.2022-ന് സി-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട് എന്ന് മാനേജർ അറിയിച്ചിട്ടുണ്ട്.

എന്നാൽ ടി സ്കൂൾ മാനേജർ 12.1.2021-ലെ GO (P) 10/10/പൊ.വി.വ അനുസരിച്ച് ബോണ്ട് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടെന്നും, 2 എൽ.പി.എസ്.ടി, 2 യു.പി.എസ്.ടി നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതുമാണെന്നും, ആയതിനാൽ 23.1.2023-ലെ GO (P)2/2023/പൊ.വി.വ പ്രകാരം തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുണ്ടെന്നും, ആയത് പാലിച്ചതായി കാണുന്നില്ലെന്നും, ടി ഉത്തരവ് നിലവിൽ വന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ചപ്പോഴാണ് 2010-2011-ൽ മാനേജർ ബോണ്ട് എക്സിക്യൂട്ട് ചെയ്തിട്ടുള്ളതായി 2011-2012-ലെ തസ്തിക നിർണ്ണയ ഉത്തരവിൽ രേഖപ്പെടുത്തിയതായി കണ്ടതെന്നും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ ചോദ്യം ചെയ്തുകൊണ്ട് മാനേജർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതായി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സംരക്ഷിതാദ്ധ്യാപക നിയമനം സംബന്ധിച്ച കോടതി വിധി വന്നശേഷം അതിനു വിധേയമായി മാത്രമേ മാനേജർ നൽകിയ/നൽകിയതായി കരുതപ്പെടുന്ന ബോണ്ടിന് അനുസൃതമായി സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതുള്ളു എന്ന് 3-01-2023 ലെ G.O.(P)No.2/2023/GEDN ഉത്തരവിലെ ഖണ്ഡിക iv പ്രകാരം

ഉത്തരവായിട്ടുള്ളതിനാൽ, ശ്രീമതി.ഷാനി.എം സി-ടെറ്റ് യോഗ്യത നേടിയ 9.3.2022 മുതൽ മാനേജർ ടിയാളെ പുനർനിയമിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്ന പക്ഷം ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും, എന്നാൽ 15.7.2021 മുതൽ 8.3.2022 വരെ നോഷണൽ ആയി നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ചും വടക്കഞ്ചേരി എം.റ്റി.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, എം.റ്റി.യു.പി സ്കൂൾ , വടക്കഞ്ചേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എം.റ്റി.യു.പി സ്കൂൾ , വടക്കഞ്ചേരി, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 22-04-2025 11:00:11